ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE:11-05.2025

## പ്രധാന വാർത്ത

1. ഓപ്പറേഷൻ സിന്ദൂർ ഭീകരവാദികളെയേയും അവരെ നിയന്ത്രിക്കുന്നവരേയും തകർക്കുന്നത് ലക്ഷ്യമിട്ടെന്ന് സൈന്യം, നൂറിലധികം ഭീകരരെ വധിച്ചു.

2. ഭീകരകേന്ദ്രങ്ങളെ മാത്രമാണ് ഇന്ത്യ ലക്ഷ്യമിട്ടതെന്നും നിരപരാധികളെ ആക്രമിച്ചതിനുള്ള തിരിച്ചടിയാണ് രാജ്യ ത്തിന്റെ പ്രത്യാക്രമണമെന്നും സൈനിക വൃത്തങ്ങൾ

3. പാകിസ്ഥാനുമായുള്ള വെടിനിർത്തൽ കരാറിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു.

4. ഓപ്പറേഷൻ സിന്ദൂർ ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹിക, നയതന്ത്ര ഇച്ഛാശക്തിയുടെ

RNU TVPM

പ്രതീകമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

5. മലപ്പുറത്ത് നിപ രോഗിയുടെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 11 പേരുടെ പരിശോധന ഫലം കൂടി നെഗറ്റീവ്

6. ത്രിരാഷ്ട്ര വനിത ഏകദിന ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. ഫൈനലിൽ ശ്രീലങ്കയെ പരാജയപ്പെടുത്തിയത് 97 റൺസിന്.

&&&&&&&&&&&&&&&

<u>വാർത്താസമ്മേളനം</u>

ഓപ്പറേഷൻ സിന്ദൂർ ഭീകരവാദികളെയേയും അവരെ നിയന്ത്രിക്കുന്നവരേയും തകർക്കുന്നത് ലക്ഷ്യമിട്ടാണ് ആരംഭിച്ചതെന്ന് ഡി.ജി.എം.ഒ ലഫ്റ്റനന്റ് ജനറൽ രാജീവ് ഖായി. കര-വ്യോമ-നാവിക സേനകൾ അല്പം മുൻപ് നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

**(ഹോൾഡ് വോയിസ്)**

ഭീകരവാദ അടിസ്ഥാന സൗകര്യങ്ങൾ നശിപ്പിക്കുന്നതിനുമുള്ള വ്യക്തമായ ലക്ഷ്യമാണ്

RNU TVPM

സൈന്യത്തിനുണ്ടായിരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&&**

**വാർത്താ സമ്മേളനം-2**

കൊടും ഭീകരർ ഉൾപ്പെടെ 100 ലധികം ഭീകരരെ വധിച്ചുവെന്ന് എയർമാർഷൽ എ കെ ഭാർതി പറഞ്ഞു. പുൽവാമ ആക്രമണവും, കണ്ഡഹാർ വിമാനറാഞ്ചൽ ആസൂത്രണം ചെയ്തവരേയും വധിച്ചു - പാകിസ്ഥാനിലെ  മ്പത് ഭീകര കേന്ദ്രങ്ങൾ തകർത്തു. അജ്മൽ കസബിന്റെ പരിശീലനത്താവളം തകർത്തു. . പാകിസ്ഥാനിലെ ഭീകരവാദ പരിശീലന കേന്ദ്രമായ മുരീദ്കെ തകർത്തു. ലക്ഷ്യകേന്ദ്രങ്ങളിലേയ്ക്ക് കൃത്യമായ ആക്രമണമാണ് ഇന്ത്യ നടത്തിയത്. രാജ്യത്തെ നിരപരാധികളെ ആക്രമിച്ചതിനുള്ള തിരിച്ചടിയാണ് ഇന്ത്യ നടത്തിയത്. മിസൈലാക്രമണം നടത്തിയതിന്റെ ദൃശ്യങ്ങളും സേന വാർത്താ സമ്മേളനത്തിനിടെ പുറത്തുവിട്ടു. പാകിസ്ഥാന്റെ സൈനിക കേന്ദ്രങ്ങളേയോ മറ്റ് അടിസ്ഥാന സൗകര്യങ്ങളേയോ നശിപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നും, ജനവാസ കേന്ദ്രങ്ങളിൽ

RNUTVPM

നാശനഷ്ടമുണ്ടായില്ലെന്നും സൈന്യം അറിയിച്ചു. അതേസമയം മെയ് 7 നും 10 നും ഇടയിൽ നിയന്ത്രണ രേഖയിൽ നടന്ന വെടിവയ്പ്പിൽ പാകിസ്ഥാൻ സൈന്യത്തിന് ഏകദേശം 40 ഓളം സൈനികരെ നഷ്ടപ്പെട്ടതായി പാകിസ്ഥാൻ സൈന്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&

## ഉന്നതതലയോഗം- പ്രധാനമന്ത്രി

പാകിസ്ഥാനുമായുള്ള വെടിനിർത്തൽ കരാറിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വസതിയിൽ ഉന്നതതല യോഗം ചേർന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, സംയുക്ത സൈനിക മേധാവി, കര, വ്യോമ, നാവിക സേന മേധാവികൾ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. ഇന്ത്യ-പാകിസ്ഥാൻ ഡിജിഎം മാർ നാളെ വീണ്ടും സംഭാഷണം നടത്തും.

&&&&&&&&&&&&&&&

## മാർപാപ്പ- ഇന്ത്യ- പാക്- ഇൻട്രോ

ഇന്ത്യ-പാക്ക് വെടിനിർത്തൽ സ്വാഗതം ചെയ്ത് ലിയോ പതിനാലാമൻ മാർപാപ്പ. ചർച്ചകൾ അവസാനം വരെയുള്ള സമാധാനത്തിന്

RNUTVPM

വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നതായും അദ്ദേഹം പറഞ്ഞു. ലോകമെങ്ങുമുള്ള സംഘർഷ മേഖലകളിൽ സമാധാനം പുലരട്ടെ എന്ന് ഞായറാഴ്ച കുർബാനയ്ക്ക് ശേഷമുള്ള അഭിസംബോധന പ്രസംഗത്തിൽ മാർപാപ്പ പറഞ്ഞു. ലോകത്തോടുള്ള ആദ്യ അഭിസംബോധനയിലാണ് പോപ്പിന്റെ വാക്കുകൾ.

&&&&&&&&&&&&&&&

## ഉപേന്ദ്ര ദ്വിവേദി

ഇന്ത്യ -പാകിസ്ഥാൻ വെടിനിർത്തൽ, വ്യോമാതിർത്തി ലംഘനങ്ങളുടെ സാഹചര്യത്തിൽ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, പടിഞ്ഞാറൻ അതിർത്തികളിലെ കരസേനാ കമാൻഡർമാരുമായി സുരക്ഷാ സാഹചര്യം അവലോകനം ചെയ്തു. ഇന്നലെ നടന്ന ഇന്ത്യ - പാക് ഡിജിഎം□ ചർച്ചകളിൽ എത്തിച്ചേർന്ന ധാരണയുടെ ഏതൊരു ലംഘനത്തെയും നേരിടാൻ കരസേനാ മേധാവി സേനാ കമാൻഡർമാർക്ക് പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&

RJIU TVPM

## ബ്രഹ്മോസ്- രാജ് നാഥ് സിംഗ്- ഇൻട്രോ

ഓപ്പറേഷൻ സിന്ദൂർ വെറുമൊരു സൈനിക നടപടിയല്ല, മറിച്ച് ഇന്ത്യയുടെ രാഷ്ട്രീയ, സാമൂഹിക, നയതന്ത്ര ഇച്ഛാശക്തിയുടെ പ്രതീകമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഇന്ന് ലഖ്നൗവിലെ ബ്രഹ്മോസ് എയ്റോസ്പേസ് ഏകോപന പരീക്ഷണ സംവിധാനത്തിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു

അദ്ദേഹം. പാകിസ്ഥാനിലെ ഭീകരവാദ കേന്ദ്രങ്ങൾ മാത്രമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ലക്ഷ്യമിട്ടതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി

**(ഹോൾഡ്-വോയ്സ്)**

**&&&&&&&&&&&&&&&**

## വ്യോമസേന

ഓപ്പറേഷൻ സിന്ദൂറിൽ തങ്ങളിൽ നിയുക്തമാക്കിയ ചുമതലകൾ കൃത്യതയോടെയും പ്രൊഫഷണലിസത്തോടെയും വിജയകരമായി നിർവഹിച്ചതായി ഇന്ത്യൻ വ്യോമസേന.

പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നതിനാൽ, വിശദീകരണം

RNU TVM

യഥാസമയങ്ങളിൽ നടത്തുന്നതാണെന്നും സ്ഥിരീകരിക്കാത്ത വിവരങ്ങളിൽ നിന്നും പ്രചാരണങ്ങളിൽ നിന്നും വിട്ടുനിൽക്കണമെന്നും വ്യോമസേന അഭ്യർഥിച്ചു.

**&&&&&&&&&&&&&&&**

## ൽഹി വിമാനം റദ്ദാക്കി

ഡൽഹി വിമാനത്താവളത്തിൽ ഇന്ന് 97 വിമാനങ്ങൾ റദ്ദാക്കി. ഫ്ലൈറ്റുകളുടെ പുതുക്കിയ വിവരങ്ങൾക്കും ബദൽ യാത്രാ ക്രമീകരണങ്ങൾക്കുമായി യാത്രക്കാർ അതാത് എയർലൈനുകളുമായി ബന്ധപ്പെടാൻ നിർദ്ദേശിച്ചിട്ടുണ്ട്.

PNU TVPM

**&&&&&&&&&&&&&&&**

## ഖർഗെ- പ്രധാനമന്ത്രി

പഹൽഗാം ഭീകരാക്രമണം, 'ഓപ്പറേഷൻ സിന്ദൂർ', തുടർന്നുള്ള വെടിനിർത്തൽ ധാരണ എന്നിവ ചർച്ച ചെയ്യാൻ പാർലമെന്റിന്റെ പ്രത്യേക സമ്മേളനം വിളിക്കണമെന്ന് ആവശ്യപ്പെട്ട് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. കോൺഗ്രസ് നേതാവ്

രാഹുൽ ഗാന്ധിയും ഇതേ ആവശ്യം ഉന്നയിച്ച് നേരത്തെ പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു.

&&&&&&&&&&&&&&&

## മന്ത്രി ആർ.ബിന്ദു

പഞ്ചാബ് കേന്ദ്ര സർവ്വകലാശാലയിലെ മലയാളി വിദ്യാർത്ഥികൾക്ക് നാട്ടിലേയ്ക്ക് മടങ്ങാൻ സഹായം ആവശ്യപ്പെട്ട് സർവ്വകലാശാലാ വൈസ് ചാൻസലർക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയ്ക്കും മന്ത്രി ആർ ബിന്ദു കത്തയച്ചു. വിദ്യാർത്ഥികളെ സുരക്ഷിതരായി നാട്ടിലെത്തിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി പറഞ്ഞു. കേരള ഹൗസ് കേന്ദ്രീകരിച്ച് ആരംഭിച്ച ഹെൽപ്പ്‌ലൈൻ കേന്ദ്രവുമായി വിദ്യാർഥികൾക്ക് ബന്ധപ്പെടാമെന്നും മന്ത്രി അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&

## നിപ

മലപ്പുറം ജില്ലയിൽ നിപ ബാധിച്ച രോഗിയുടെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ട 11 പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇതോടെ 42 പേരുടെ പരിശോധനാ ഫലം നെഗറ്റീവായി. ഇന്ന് 18 പേരെയാണ് സമ്പർക്കപ്പട്ടികയിൽ

ഉൾപ്പെടുത്തിയത്. ഇതോടെ ആകെ 112 പേരാണ് സമ്പർക്കപ്പട്ടികയിലുള്ളത്.. നിലവിൽ  രാൾക്കാണ് നിപ സ്ഥിരീകരിച്ചിട്ടുള്ളത്. 10 പേർ ചികിത്സയിലുണ്ട്. മന്ത്രിയുടെ നേതൃത്വത്തിൽ ഓൺലൈനായി നിപ അവലോകന യോഗം ചേർന്നു.

&&&&&&&&&&&&&&&

## വാർഷികാഘോഷ പരിപാടികൾ

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായ എന്റെ കേരളം പ്രദർശനവും അവലോകനയോഗങ്ങളും മറ്റന്നാൾ മുതൽ നിശ്ചയിച്ച പ്രകാരം നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന കോഴിക്കോട് ജില്ലാതല യോഗം ചൊവ്വാഴ്ച രാവിലെ ചെറുവണ്ണൂരിൽ നടക്കും. കൊല്ലം ജില്ലയിലെ ആഘോഷങ്ങൾ ആശ്രാമം മൈതാനത്ത് മന്ത്രി കെ എൻ ബാലഗോപാൽ ബുധനാഴ്ച ഉദ്ഘാടനം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&

## ത്രിരാഷ്ട്ര ക്രിക്കറ്റ്

ത്രിരാഷ്ട്ര വനിത ഏകദിന ക്രിക്കറ്റ് കിരീടം ഇന്ത്യക്ക്. ഫൈനലിൽ ശ്രീലങ്കയെ 97 റൺസിന് ഇന്ത്യ പരാജയപ്പെടുത്തി. കൊളംബോയിൽ

നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, സ്മൃതി മന്ധാനയുടെ സെഞ്ചുറിക്കരുത്തിൽ നിശ്ചിത 50 ഓവറിൽ 7 വിക്കറ്റിന് 342 റൺസ് നേടി. ശ്രീലങ്ക 49-ാം ഓവറിൽ 245 റൺസിന് എല്ലാവരും പുറത്തായി.

&&&&&&&&&&&&&&&

## കാലവർഷം

സംസ്ഥാനത്ത് ഇത്തവണ തെക്കു-പടിഞ്ഞാറൻ കാലവർഷം നേരത്തെ എത്തുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പ്രതീക്ഷിച്ചതിനും അഞ്ചു ദിവസം മുൻപ്, ഈ മാസം 27 നു മൺസൂൺ തീരം തൊടുമെന്നാണ് സൂചന.

RNU TVPM

&&&&&&&&&&&&&&&

## ഹജ്ജ്

ഹജ്ജ് തീർത്ഥാടനത്തിനായി കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള ആദ്യ സംഘം പുറപ്പെട്ടു. 82 സ്ത്രീകളും 88 പുരുഷന്മാരും ഉൾപ്പെടെ 170 പേരാണ് എയർ ഇന്ത്യ എക്സ്പ്രസ്സിൽ യാത്ര പുറപ്പെട്ടത്. കണ്ണൂർ, കാസർകോട് ജില്ലകളിൽ നിന്നുള്ളവരാണ് സംഘത്തിലുള്ളത്.

&&&&&&&&&&&&&&&

## ചിത്ര പൗർണിമ ഉത്സവം

ഇടുക്കി ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മംഗളാദേവി ക്ഷേത്രത്തിലെ ചിത്ര പൌർണ്ണമി ഉത്സവം നാളെ. ഉത്സവത്തിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ ഭരണകൂടം അറിയിച്ചു. രാവിലെ 6 മുതലാണ് തീർത്ഥാടകർക്ക് ക്ഷേത്രത്തിലേക്ക് പ്രവേശനമുള്ളത്. വൈകുന്നേരം 5 മണിയോടെ ദർശനം പൂർത്തിയാക്കി മടങ്ങണം.

&&&&&&&&&&&&&&&
&&&&&&&&&
&&&

RNU TVPM